ഉത്തരം

കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കെട്ടിടം നിർമ്മാണത്തിലേക്കായി സ്ഥലം ലഭ്യമായിട്ടില്ല. താവം വ്യവസായ എസ്റ്റേറ്റിൽ സ്ഥലം ലഭ്യമാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിന്റെ അനുയോജ്യത സംബന്ധിച്ച് പരിശോധനാ നടപടികൾ സ്വീകരിച്ചു വരുന്നു.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ നബാർഡ് പ്രവൃത്തികൾ

64 (3031) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡിന്റെ ധനസഹായത്തോടെ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) നബാർഡ് ധനസഹായത്തിനായി 2014-15 വർഷം തയ്യാറാക്കി അയച്ചിട്ടുള്ള പ്രൊപ്പോസലുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും ഇതിൽ അംഗീകാരം ലഭിച്ചിട്ടുള്ളത് ഏതിനെല്ലാമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡിന്റെ ധനസഹായത്തോടെ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് മുഖേന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല.

(ബി) നബാർഡ് ധനസഹായത്തിനായി 2014-15 വർഷത്തിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി

65 (3032) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2014 വർഷത്തിൽ തൊഴിലുറപ്പ് മേഖലയിൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; പദ്ധതി കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിന് ശ്രദ്ധിക്കുമോ ;

(സി) തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ; തൊഴിലാളികൾക്ക് കൂടുതൽ ഇൻഷുറൻസ് പരിരക്ഷ നൽകുമോ ;

(ഡി) പദ്ധതിയെക്കുറിച്ച് കൂടുതൽ പഠനം നടത്തുന്നതിന് വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഇതേകാലയളവിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ താരതമ്യം ചെയ്യുമ്പോൾ 2014-15-ൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിപുലപ്പെടുത്തുന്നതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. സംസ്ഥാനത്തിന്റെ തനതിക തൊഴിൽ സാഹചര്യങ്ങൾക്ക് ഇണങ്ങുന്നവിധം ഖാദി/കൈത്തറി/ ക്ഷീരവികസനം/കയർ മേഖലയിലെ പ്രവൃത്തികൾ, നെൽകൃഷി ഉൾപ്പെടെയുള്ള കൃഷിപ്പണികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അനുകൂല തീരുമാനം അറിയിച്ചിട്ടില്ല.

(സി) തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുക്കുന്ന തൊഴിലാളികൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠന വിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ വിദഗ്ധരായ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസികളുടെ റിപ്പോർട്ട് സമർപ്പണം നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly